## പാചകവാതക വിതരണത്തിലെ തടസ്സങ്ങൾ

**123 (2619)** ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാചകവാതക ടാങ്കർ തൊഴിലാളികളുടെയും ഗ്യാസ് ഫില്ലിംഗ് തൊഴിലാളികളുടെയും സമരംകാരണം പാചകവാതക വിതരണം പലപ്പോഴും തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പാചക വാതക ഫില്ലിംഗ്, വിതരണ ജോലികൾ അവശ്യ സർവ്വീസായി പരിഗണിക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ;

(സി) പാചകവാതക സിലിണ്ടറിന്റെ വിതരണത്തിലുള്ള ക്രമക്കേടുകൾ പരിഹരിക്കാൻ അടിയന്തരനടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാചകവാതക വിതരണവും നീക്കവും പാചകവാതക ഫില്ലിംഗും അനുബന്ധ പ്രവർത്തനങ്ങളും അവശ്യ സർവ്വീസായി പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) പാചകവാതക വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനായി ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓപ്പൺ ഫോറങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഈ ഓപ്പൺ ഫോറങ്ങളിൽ താലൂക്ക് സപ്ലൈ ആഫീസർമാരും ഓയിൽ കമ്പനി പ്രതിനിധികളും പങ്കെടുത്ത് ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നുണ്ട്. കൂടാതെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പരാതി-പരിഹാര അദാലത്തുകളും സംഘടിപ്പിച്ച് പരാതി പരിഹരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly